The Heavenly Light Ministry

യേശു നല്ലവൻ... അവൻ വല്ലഭൻ  അവൻ ദയയോ... എന്നുമുള്ളത്
പെരുവെള്ളത്തിൻ... ഇരച്ചിൽപോലെ
സ്തുതിച്ചീടുക... അവന്റെ നാമം
ഹല്ലേലുയ്യാ  ഹല്ലേലുയ്യാ   (2)
മഹത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനം
ശക്തിയും ബലവുമെന്നേശുവിന്
ഞാനെഹോവയ്ക്കായ് കാത്തുകാത്തല്ലോ
അവൻ എങ്കലേക്ക് ചാഞ്ഞുകേട്ടല്ലോ
നാശകരമായ കുഴിയിൽ നിന്നും
കുഴഞ്ഞ ചേററിൽ നിന്നും കയററി ...   ഹല്ലേലുയ്യാ
എന്റെ കാൽകളെ പാറമേൽ നിർത്തി
എൻ ഗമനത്തെ സുസ്ഥിരമാക്കി
പുതിയൊരു പാട്ടെനിക്കു തന്നു
എൻ ദൈവത്തിനു സ്തുതികൾ തന്നെ...   ഹല്ലേല്ലുയ്യാ
എന്റെ കർത്താവേ  എന്റെ യഹോവേ
നീയൊഴികെ  എനിക്കൊരു നന്മയുമില്ല
ഭൂമിയിലുള്ള വിശുദ്ധന്മാരോ അവർ എനിക്കു ശ്രേഷ്ഠന്മാർ തന്നെ...